(ബി) സുരക്ഷിതമല്ലാത്ത വാടക കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്ന അങ്കണവാടികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;വ്യക്തമാക്കാമോ;

(സി) ഈ സർക്കാർ അധികാരമേറ്റ ശേഷം അങ്കണവാടികൾക്കായി പുതിയ കെട്ടിടങ്ങൾ നിർമ്മിച്ച് നൽകിയിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ;

(ഡി) നിർമ്മാണം കഴിഞ്ഞിട്ടും അങ്കണവാടികൾക്കായി കൈമാറാത്ത കെട്ടിടങ്ങൾ അവശേഷിക്കുന്നുണ്ടെങ്കിൽ കാരണം വ്യക്തമാക്കാമോ?

ഉത്തരം

(എ-ഡി) വിവരം ശേഖരിച്ച് നൽകുന്നതാണ്.

വികലാംഗർക്കായി മുച്ചക്രവാഹനങ്ങൾ

346(1725) ശ്രീ. പി. ടി. എ. റഹീം : താഴെ കാണുന്ന ചോദ്യത്തിന് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

വികലാംഗർക്ക് മോട്ടോർ ഘടിപ്പിച്ച മുച്ചക്രവാഹനങ്ങൾ സൗജന്യമായി ലഭ്യമാക്കാൻ എന്തു നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ?

ഉത്തരം

വികലാംഗർക്ക് മോട്ടോർ ഘടിപ്പിച്ച മുച്ചക്രവാഹനങ്ങൾ സൗജന്യമായി ലഭ്യമാക്കുന്നതുമായി ബന്ധപ്പെട്ട് ഇതുവരെ 313 പേർക്ക് മുച്ചക്രവാഹനങ്ങൾ വിതരണം ചെയ്തിട്ടുണ്ട്. ഈ പദ്ധതിയിൽ ഉൾപ്പെടുത്തി പട്ടികജാതിയിൽപ്പെട്ട 62 ഭിന്നശേഷിക്കാർക്ക് 10-2-2016-ന് തിരുവനന്തപുരം സെൻട്രൽ സ്റ്റേഡിയത്തിൽ വച്ച് വിതരണം ചെയ്തിട്ടുണ്ട്. മുച്ചക്ര സ്കൂട്ടറിനായി അപേക്ഷകൾ ക്ഷണിക്കുകയും ലഭിച്ച അപേക്ഷകളുടെ മുൻഗണനപ്രകാരം 100 പേരുടെ പട്ടിക തയ്യാറാക്കുകയും ചെയ്തിട്ടുണ്ട്. 2015-16 സാമ്പത്തിക വർഷത്തിൽ 70 ലക്ഷം രൂപ ഇതിലേയ്ക്കായി നീക്കിവച്ചിട്ടുണ്ട്. പട്ടിക ജാതി വിഭാഗത്തിൽപ്പെട്ട വികലാംഗർക്കായി മുച്ചക്രവാഹനം വിതരണം ചെയ്യുന്നതിലേക്കായി 2 കോടി രൂപ പട്ടികജാതി പട്ടികവർഗ്ഗ വകുപ്പിൽ നിന്നും ലഭിച്ചിട്ടുണ്ട്.

പ്രായാധിക്യമുള്ള മാതാപിതാക്കളുടെ സംരക്ഷണം

347(1726) ശ്രീമതി കെ. എസ്. സലീഖ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രായാധിക്യമുള്ള മാതാപിതാക്കളെ സംരക്ഷിക്കുവാൻ നിലവിലുള്ള നിയമ വ്യവസ്ഥകൾ എന്തെല്ലാം എന്നറിയിക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) പ്രസ്തുത നിയമ വ്യവസ്ഥകൾ ലംഘിച്ച് മാതാപിതാക്കളെ ഉപേക്ഷിച്ചും തെരുവുകളിൽ തള്ളിയും വീട്ടിൽ പൂട്ടിയിട്ടും മറ്റുമായി എത്ര കേസ്സുകൾ ഈ സർക്കാർ കാലയളവിൽ വകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്; ആയതിൽ എത്രയെണ്ണം ആഭ്യന്തര വകുപ്പിന് കൈമാറി; വ്യക്തമാക്കുമോ;

(സി) ഇത്തരം കേസ്സുകൾ നാൾക്കുനാൾ വർദ്ധിച്ചുവരുന്നത് തടയുവാൻ നിയമം കർശനമായി നടപ്പാക്കുന്നതിന് എന്തു നടപടി സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നുവെന്ന് വ്യക്തമാക്കുമോ;

(ഡി) 2016 ജനുവരി മാസം 24-ാം തീയതി ആരോഗ്യവകുപ്പിലെ ഉദ്യോഗസ്ഥരായ മക്കളുണ്ടായിട്ടും (ഒരാൾ ഡോക്ടർ, ഒരാൾ ഹെൽത്ത് ഇൻസ്പെക്ടർ) അവർ പരിചരിക്കാനോ കൂടെ താമസിപ്പിക്കാനോ തയ്യാറാകാതെ തിരുവനന്തപുരത്തെ ശ്രീനാരായണ വനിതാ കൾച്ചറൽ അസോസിയേഷന്റെ ശരണാലയത്തിൽ കഴിഞ്ഞ കടയ്ക്കാവൂർ സ്വദേശിനി സുധാദേവി ആശുപത്രിയിൽ മരണമടഞ്ഞ സംഭവം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഇ) ഇവരുടെ രോഗവിവരം അനാഥാലയാധികൃതർ നിരന്തരം ഫോണിലൂടെ അറിയിച്ചിട്ടും ഉദ്യോഗസ്ഥരായ മക്കൾ തിരിഞ്ഞുനോക്കാതെ മരണപ്പെട്ടത് സംബന്ധിച്ച് എന്തെങ്കിലും അന്വേഷണം നടത്തിയോ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ;

(എഫ്) ഉദ്യോഗസ്ഥരായ മക്കളുണ്ടായിട്ടും അനാഥ ജീവിതവും മരണവും ഏറ്റുവാങ്ങേണ്ടി വന്നതിനാൽ പ്രസ്തുത മരണത്തെക്കുറിച്ച് ദേശീയ മനുഷ്യാവകാശ കമ്മീഷൻ സാമൂഹ്യനീതി വകുപ്പ്, ചീഫ് സെക്രട്ടറി, ഡി.ജി.പി. എന്നിവരോട് അടിയന്തര റിപ്പോർട്ട് ആവശ്യപ്പെട്ടുവോ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ?

ഉത്തരം

(എ) The Maintenance and Welfare of Parents and Senior Citizen Act-2007 എന്ന കേന്ദ്ര നിയമമാണ് നിലവിലുള്ളത്.

(ബി) വിവരം ശേഖരിച്ച് നൽകുന്നതാണ്.

(സി) നിയമം കർശനമായി നടപ്പാക്കുന്നതിന് റവന്യൂ ഡിവിഷണൽ ആഫീസർമാരെ പ്രിസൈഡിംഗ് ആഫീസർമാരായി നിയമിച്ചുകൊണ്ടുള്ള മെയിന്റനൻസ് ട്രൈബ്യൂണലുകളും ജില്ലാ കളക്ടർമാരെ അപ്പലേറ്റ് അതോറിറ്റിയായി നിയമിച്ചുകൊണ്ടുള്ള അപ്പലേറ്റ് ട്രൈബ്യൂണലുകളും പ്രവർത്തിക്കുന്നുണ്ട്. നിയമത്തെക്കുറിച്ച് വിവിധ മാധ്യമങ്ങൾ വഴി ജനങ്ങളിൽ വ്യാപകമായി ബോധവത്കരണം നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ഇ) വിവരം ശേഖരിച്ച് നൽകുന്നതാണ്.

(എഫ്) ദേശീയ മനുഷ്യാവകാശ കമ്മീഷൻ സാമൂഹ്യനീതി വകുപ്പ് സെക്രട്ടറിയുടെ റിപ്പോർട്ട് ആവശ്യപ്പെട്ടിട്ടുണ്ട്.

എൻഡോസൾഫാൻ ദുരിതബാധിതർക്കായുള്ള പദ്ധതികൾ

348(1727) ശ്രീ. ഇ. പി. ജയരാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് എൻഡോസൾഫാൻ ദുരിതബാധിതമേഖലകളിൽ സാമൂഹ്യനീതി വകുപ്പ് മുഖേനയും സാമൂഹ്യനീതി വകുപ്പിന്റെ കീഴിലെ വിവിധ ഏജൻസികൾ മുഖേനയും നടപ്പിലാക്കിവരുന്ന ദുരിതാശ്വാസ പ്രവർത്തനങ്ങൾ എന്തെല്ലാമാണ്; വിശദീകരിക്കുമോ;

(ബി) ഓരോ പദ്ധതിയും ആരംഭിച്ചത് എന്ന മുതൽക്കാണെന്ന് വ്യക്തമാക്കുമോ; ഓരോ പദ്ധതിയുടെയും ഗുണഭോക്താക്കളുടെ എണ്ണം വ്യക്തമാക്കുമോ;

(സി) എൻഡോസൾഫാൻ ദുരിതബാധിതർക്കായി കേരള സാമൂഹ്യ സുരക്ഷാ മിഷൻ എന്തെല്ലാം പദ്ധതികൾ നടപ്പിലാക്കുന്നുണ്ട്; ഓരോ പദ്ധതിയും ആരംഭിച്ചത് എന്നാണ്; ഓരോ പദ്ധതിയും ആരംഭിച്ചപ്പോൾ എത്ര ഗുണഭോക്താക്കളാണുണ്ടായിരുന്നത്; ഇപ്പോൾ ഓരോ പദ്ധതിയിലും എത്ര ഗുണഭോക്താക്കളുണ്ട്?

ഉത്തരം

(എ-സി)

1. സ്നേഹസാന്ത്വനം പദ്ധതി

ദീർഘകാല ചികിത്സ ആവശ്യമുള്ളതും രോഗാവസ്ഥയിലുള്ളവരും തൊഴിലെടുക്കാനാകാതെ വീട്ടിനുള്ളിൽ കഴിയുന്നവരുമായവരിൽ ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നിന്ന് വികലാംഗ പെൻഷൻ ലഭിക്കുന്നവർക്ക് 1,700 രൂപയും വികലാംഗ പെൻഷൻ ലഭിക്കാത്തവർക്ക് 2,200 രൂപയും എൻഡോസൾഫാൻ ദുരിതബാധിതരായ മറ്റുള്ളവർക്ക് നൽകുന്ന പ്രതിമാസ ധനസഹായം 1,200 രൂപയും നൽകി വരുന്നു.

2. എൻഡോസൾഫാൻ ദുരിത ബാധിത കുടുംബങ്ങളിലെ കുട്ടികൾക്കുള്ള വിദ്യാഭ്യാസ ധനസഹായം

LIBRARY ARCHIVES Kerala Legislative Assembly